# പശ്ചാത്താപം വിശ്വാസിയിലെ വിനയം

# ﴿ الإنابة إلى الله علامة تواضع المؤمن ﴾

[ مليالم – Malayalam – മലയാളം ]


## മുഹമ്മദ് കബീർ സലഫി

## محمد كبير سلفي



2014 - 1435

IslamHouse.com

بِسْمِ اللهِ الرَّحْمَـنِ الرَّحِيم

ശരീരത്തിൽ ചെളി പുരണ്ടാൽ ശുദ്ധ ജലം കൊണ്ട് വൃത്തിയാക്കാം. അല്ല, വൃത്തിയാക്കണം. അല്ലാഹു വൃത്തിയുള്ളവരെ ഇഷ്ടപ്പെടുന്നു. മനസ്സ് മലിനമായാൽ പശ്ചാത്താപം കൊണ്ട് കഴുകിയെടുക്കണം. ഹൃദയവിശുദ്ധരെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നതും പരിഗണിക്കുന്നതും. ഖുർആൻ പറഞ്ഞു:

إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ (البقرة/٢٢٢)

''തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു.'' (ബഖറ/222)

ശരീരത്തിൽ മണ്ണ് പുരളുന്നതും മനസ്സിൽ പാപത്തിന്റെ മാലിന്യമാകുന്നതും ദുനിയാവിലെ ജീവിതത്തിൽ സ്വാഭാവികമാണ്.രണ്ടിനും ഇസ്‌ലാം നൽകുന്ന പരിഹാരം ക്ഷണമാത്രയിൽ കഴുകി വൃത്തിയാകുക എന്നതാണ്. എന്നും സംശുദ്ധരായി ജീവിക്കാൻ കൽപിക്കപ്പെട്ടവരാണ് സത്യവിശ്വാസികൾ. വൃത്തി ഈമാനിന്റെ ഭാഗമാണ് എന്ന പ്രവാചകമൊഴി അക്കാര്യമാണ് ബോധ്യപ്പെടുത്തുന്നതും. ഒരു മുസ്‌ലിം എങ്ങനെ ശുദ്ധിയുടെ ഉടമയല്ലാതിരിക്കും? ഇസ്‌ലാമിൽ നിന്നും അവൻ ഉൾക്കൊണ്ട വിശ്വാസം, ആരാധനകൾ, സ്വഭാവങ്ങൾ, പെരുമാറ്റങ്ങൾ, നിലപാടുകൾ, സഹവർത്തിത്വ മര്യാദകൾ എല്ലാം പരിശുദ്ധമാണ്. ഇവയിലൊന്നും കറപുരണ്ടു കൂടാ എന്ന നിഷ്കർഷ ഉണ്ടാകുമ്പോഴാണ് വിശുദ്ധിയോടെ ജീവിക്കാൻ സത്യവിശ്വാസിയിൽ ജാഗ്രത കാണുക.

പാപം മനുഷ്യസഹജമാണ്. പശ്ചാത്താപമാണ് അതിന്ന് പരിഹാരം. പശ്ചാത്തപിക്കുന്നവരാണ് പാപം ചെയ്തവരിലെ ശ്രേഷ്ഠൻമാർ. ഇതൊക്കെ പറഞ്ഞു തന്നത് ലോകത്തിന്റെ ഗുരു മുഹമ്മദ് നബി(ﷺ)യാണ്. അനസ് ബ്നു മാലിക്(رضي الله عنه) നിവേദനം. നബി(ﷺ) പറഞ്ഞു:''എല്ലാ ആദമിന്റെ പുത്രന്മാരും തെറ്റു ചെയ്യുന്നവരാണ്. തെറ്റു ചെയ്യുന്നവരിൽ ഉത്തമന്മാർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്.'' (തിർമിദി, ഇബ്നു മാജ, അഹ്മദ്)

പാപമേശാത്ത ജീവിതത്തിന്റെ ഉടമയായിരുന്നിട്ടും ദിവസത്തിൽ നൂറുതവണ അല്ലാഹുവേ, നിന്നോട് ഞാൻ മാപ്പിരക്കുന്നു എന്ന് പ്രാർഥിച്ച പ്രവാചക ശ്രേഷ്ഠന്റെ അനുയായികളാണ് നാം.തന്നിൽ വിശ്വസിക്കുകയും തന്നെയനുസരിക്കുകയും ചെയ്യുന്ന അടിമകൾക്ക് താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളും വിഭവങ്ങളും നൽകാൻ തയ്യാറായി നിൽക്കുന്ന കാരുണ്യവാനായ റബ്ബിന്റെ ഉപദേശവും മറ്റൊന്നല്ല. ഖുർആൻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا تُوبُوا إِلَى اللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ سَيِّئَاتِكُمْ وَيُدْخِلَكُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ يَوْمَ لَا يُخْزِي اللَّهُ النَّبِيَّ وَالَّذِينَ آمَنُوا مَعَهُ (التحريم/٨)

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചു കളയുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം.അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ.'' (തഹ്‌രീം/8)

വിശ്വാസിയായ ദാസന്റെ പശ്ചാത്താപത്തിൽ അല്ലാഹുവിന്ന് അത്യധികം സന്തോഷമാണ് എന്നറിയിക്കുന്ന നബി വചനമുണ്ട്. വിജനമായ മരുഭൂമിയിൽ വെച്ച് വിനഷ്ടമായ യാത്രാമൃഗം തിരിച്ചു കിട്ടുമ്പോൾ യാത്രക്കാരനുണ്ടാകുന്ന സന്തോഷത്തേക്കാൾ കേമമായ സന്തോഷം! തെറ്റുകൾ ബോധ്യപ്പെട്ടും അവയിൽ ആത്മാർഥമായി ഖേദിച്ചും മനസ്സാ തപിച്ചും കണ്ണീർ പൊഴിച്ചും പശ്ചാത്തപിച്ചു പ്രാർഥിക്കുമ്പോൾ സത്യവിശ്വാസിയിൽ നിറഞ്ഞു കവിയുന്നത് ഈമാനാണ്. അവന്ന് അല്ലാഹുവിനെ അറിയാം.അവന്റെ കാരുണ്യത്തെപ്പറ്റി അറിയാം.പശ്ചാത്താപത്തിന്റെ മഹിമയറിയാം. പശ്ചാത്തപിക്കുന്നവർക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന പദവികളെപ്പറ്റിയുമറിയാം. പാപ പങ്കിലമായ മനസ്സുമായി പടച്ചവനെ കണ്ടുമുട്ടേണ്ടി വന്നാലുണ്ടാകുന്ന ദുരന്തവും ദുരിതവും അവന്നറിയാം. ഇത്തരം സ്വഭാവമുള്ള സത്യവിശ്വാസികളെപ്പറ്റി അല്ലാഹു പറഞ്ഞു:

وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَن يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَىٰ مَا فَعَلُوا وَهُمْ يَعْلَمُونَ (آل عمران/١٣٥)

''വല്ല നീച കൃത്യവും ചെയ്തു പോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർ. – പാപങ്ങൾ

പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? –ചെയ്തു പോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞു കൊണ്ട് ഉറച്ചു നിൽക്കാത്തവരുമാകുന്നു അവർ.'' (ആലു ഇംറാൻ: 135)

മനസ്സിൽ, ശരീരത്തിൽ മാലിന്യമായിരിക്കുന്നൂ എന്ന് തിരിച്ചറിഞ്ഞാൽ ശുദ്ധിയാകാൻ പിന്നെ അമാന്തിക്കരുത്. എത്ര സൂക്ഷിച്ചാലും വന്നു ചേരുന്നതാണ് ജീവിതത്തിലെ അബദ്ധങ്ങളും തെറ്റുകളും.ഏത് ഉപദേശിയിലും അവ സംഭവിക്കാം. പ്രവാചകൻമാരല്ലാത്ത ഏത് വിശുദ്ധന്റെ ജീവിതവും അശുദ്ധമാകാം. ക്ഷണമാത്രയിൽ ഖേദവും മനഃസ്താപവും ആരിലുണ്ടാകുന്നുവോ,അല്ലാഹുവിലേക്ക് ആത്മാർഥമായും പശ്ചാത്തപിച്ചു മടങ്ങി പരിശുദ്ധി നേടുന്നുവോ അവൻ തന്നെയാണ് അപ്പോഴും വിശുദ്ധൻ. അല്ലാഹുവിന്ന് അത്തരം വിശുദ്ധന്മാരെ ഇഷ്ടമാണ്. ഒരു ഖുദ്സിയായ ഹദീസ് ശ്രദ്ധിച്ചാൽ നമുക്കത് ബോധ്യപ്പെടും:

''ആദം സന്താനമേ, നീയെന്നോട് പ്രതീക്ഷാപൂർവം പ്രാർഥിക്കുമ്പോഴൊക്കെ നന്നിൽ നിന്നുണ്ടായ പാപങ്ങളെ ഞാൻ പൊറുത്തു തരുന്നതാണ്. ആകാശത്തിലെ കാർമേഘങ്ങൾ കണക്കെയുള്ള പാപങ്ങളുമായി നീയോന്നോട് മാപ്പിരന്നാലും ശരി, ഞാൻ നിനക്കായി മാപ്പേകുന്നതാണ്. ഭൂമിയോളം പാപവുമായി, ശിർക്ക് ചെയ്യാത്ത വിധം നീയെന്നെ കണ്ടു മുട്ടുന്നുവെങ്കിൽ അത്രത്തോളം തന്നെ മാപ്പുമായി നിന്നിലേക്ക് ഞാൻ വന്നെത്തുന്നതാണ്.''

അല്ലാഹു അക്ബർ! പടച്ച തമ്പുരാന്റെ ഈ സ്നേഹത്തിന്, പരിഗണനക്ക് വില നിശ്ചയിക്കാൻ ഏതു ദാസന്ന് കഴിയും? പടച്ച തമ്പുരാന്റെ ഈ സ്നേഹത്തെ, പരിഗണനയെ അവഗണിക്കാൻ ഏത് മനുഷ്യപുത്രന്ന് സാധിക്കും? എന്റെകാരുണ്യം എന്റെ കോപത്തെ അതിജയിച്ചു നിൽക്കുന്നൂ എന്ന അല്ലാഹുവിന്റെ പ്രഖ്യാപനം സാർഥകമാവുകയാണ് ഇവിടെ. വലില്ലാഹിൽ ഹംദ്

പാപവും പശ്ചാത്താപവും തീർത്തും അടിമയും അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. മാപ്പിരക്കുന്നത് അടിമയാണ്; മാപ്പ് നൽകുന്നത് അല്ലാഹുവും. വാക്കുകളിലോ, കർമ്മങ്ങളിലോ, വീക്ഷണങ്ങളിലോ, സ്വഭാവത്തിലോ തെറ്റുകൾ സംഭവിച്ചിരിക്കുന്നൂ എന്ന് മനസ്സിലാക്കുന്നതോടെ അവ ശരിയാക്കാൻ ശ്രമിക്കുന്നൂ എന്നതാണ് പശ്ചാത്താപ മനസ്ഥിതിയുള്ളവന്റെ ഗുണം. തെറ്റുകൾ അംഗീകരിച്ചാൽ, അവ തിരുത്തിയാൽ, അല്ലാഹുവിനോട് ഖേദിച്ചാൽ സമൂഹം എന്തു പറയുമെന്ന

ചിന്ത അവന്നുണ്ടാകില്ല. അങ്ങനെയൊന്നും ചെയ്യാതിരുന്നാൽ തന്റെ പര്യവസാനം എന്തായിത്തീരുമെന്ന ആധിയേ അവന്നുണ്ടാകൂ. എങ്കിൽ, അവൻ വിനീതനാണ്. അല്ലാഹുവിൽ നിന്നുള്ള കാരുണ്യദാഹിയാണ്. ഒരു പ്രവാചകമൊഴി കാണുക:

ഇബ്നു അബ്ബാസ് നിവേദനം. അല്ലാഹുവിന്റെ ദുതൻ അരുളി: തെറ്റുകളിൽ ഖേദിക്കുന്നവന്ന് ദൈവകാരുണ്യം പ്രതീക്ഷിക്കാം. തന്റെ ചെയ്തികളിൽ അഹങ്കരിക്കുന്നവന്ന് ദൈവകോപമാണ് പ്രതീക്ഷിക്കാനുള്ളത്.ഓരോ വ്യക്തിയും മരണത്തോടെ തന്റെ പ്രവർത്തനങ്ങളുടെ ഫലങ്ങളിലേക്ക് പോകേണ്ടതാണ്. കർമ്മങ്ങളുടെ സൗന്ദര്യം അതിന്റെ പര്യവസാന ഗുണത്തിലാണ്. രാവും പകലും രണ്ടു വാഹനങ്ങളാണ്; പരലോകത്തിലേക്ക് എത്താവുന്ന നിലയിൽ നിങ്ങളവയിൽ സഞ്ചരിക്കുക.പശ്ചാത്താപം പിന്നീടാകാം എന്ന നിലപാടിനെ നീ സൂക്ഷിക്കുക. അല്ലാഹു നിന്നോട് ദയകാണിച്ചു കൊണ്ടിരിക്കുന്നു എന്നതിൽ നീ വഞ്ചിതനാകരുത്. അറിയുക: സ്വർഗവും നരകവും ഒരാളുടെ ചെരുപ്പിൻ വാറിനേക്കാൾ അവനോട് അടുത്തതാണ്.‘‘ആർ ഒരു അണുവിന്റെ തൂക്കം നൻമ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിൻമ ചെയ്തിരുന്നുവോ അവൻ അതും കാണും.’’ (സൽസല/7,8) തുടർന്ന് നബി(ﷺ) ഈ ആയത്തുകൾ ഓതി. (ദൈലമി, ബൈഹഖി)

സത്യവിശ്വാസി ഉൾക്കൊണ്ടിട്ടുള്ള തൗഹീദിന്റെ താത്പര്യമാണ് പാപമോചനത്തിനു വേണ്ടി അല്ലാഹുവിനോട് നടത്തുന്ന അവന്റെ പ്രാർഥന.പ്രവാചകന്മാരെ അല്ലാഹു ശീലിപ്പിച്ച സമ്പ്രദായമാണത്. ഖുർആനത് പഠിപ്പിക്കുന്നുണ്ട്.

فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ وَاسْتَغْفِرْ لِذَنبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ (محمد/١٩)

‘‘ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക.)’’ (മുഹമ്മദ്: 19)

തനിക്കു വേണ്ടി മാത്രമല്ല, തന്നെപ്പോലെ പശ്ചാത്താപം ആവശ്യമായ എല്ലാ വിശ്വാസീസഹോദരങ്ങൾക്കു വേണ്ടിയും പ്രാർഥിക്കാനാണ് ഖുർആനിക നിർദ്ദേശം. വിശ്വാസിയിലെ ഗുണകാംക്ഷിയെ ഉദ്ധീപിപ്പിക്കുകയാണ് ഈ ആയത്തിലൂടെ ഖുർആൻ ചെയ്യുന്നത്. ഈ സദ്ഗുണം ഓരോ മുസ്‌ലിമിന്റെയും ജീവിതത്തിലുണ്ടാകണം.

തൗബയും താഇബും ആദരവർഹിക്കുന്നവരാണ്. ഗാമിദിയ്യ ഗോത്ര ക്കാരിയായ ഒരു സ്ത്രീ പ്രവാചകന്റെ മുമ്പാകെ വന്ന് തന്റെ പാപമേ റ്റു പറഞ്ഞ് പ്രവാചകനിൽ നിന്ന് ശിക്ഷയേറ്റു വാങ്ങി മരണം പൂകിയ സംഭവം ഹദീസുകളിലുണ്ട്. എറിഞ്ഞു കൊല്ലപ്പെടുന്ന വേളയിൽ അ വരിൽ നിന്നു തെറിച്ച രക്തം ശരീരത്തിലായപ്പോൾ ഛെ, നാശം എ ന്ന് പ്രതികരിച്ച ഖാലിദ് ബ്നു വലീദി(ﷺ)നോട് നബി(ﷺ) പറഞ്ഞു: ''ഖാലിദ്, അവധാനത കാണിക്കൂ, അവർ പശ്ചാത്തപിച്ചവരാണ്. ആളു കളിൽ നിന്ന് അന്യായമായി പണം തട്ടിയെടുത്ത് സുഖിക്കുന്നവന്നു പോലും മാപ്പ് ലഭിക്കാവുന്ന തൗബ!'' ഇതേ സംഭവത്തിൽ തന്നെ, ആ സ്ത്രീയുടെ മരണശേഷം മയ്യിത്ത് നമസ്കരിക്കാൻ ഇമാമത്തു നിന്ന നബി(ﷺ)യോട് ഉമർ(ﷺ) ചോദിച്ചു: 'റസൂലേ, ഒരു വ്യഭിചാരിണിയുടെ മയ്യിത്തിന് അങ്ങ് നമസ്കരിക്കുന്നുവോ?' പ്രവാചകൻ പറഞ്ഞു: ''ഉമ ർ, അവരുടെ തൗബയുടെ മഹിമയറിയുമോ നിനക്ക്, മദീനയിലെ എ ഴുപതു പേർക്കിടയിൽ അതു വീതിച്ചാൽ അവർക്കു മുഴുവനും മാപ്പു ലഭിക്കാവുന്ന തൗബയാണത്!'' അല്ലാഹു അക്ബർ! തൗബയേയും താഇബിനേയും എത്ര ആദരവോടെയാണ് പ്രവാചകൻ ശ്രേഷ്ഠൻ (ﷺ) ഇവിടെ അനുസ്മരിക്കുന്നത്.

എന്നാൽ, അന്യരുടെ പാപങ്ങളും വീഴ്ചകളുമൊക്കെ ചികഞ്ഞെടു ക്കുകയും പർവതീകരിച്ച് സമൂഹമധ്യേ പ്രചരിപ്പിക്കുകയും ചെയ്യുന്ന ചിലരെങ്കിലുമുണ്ട്. അവരിൽ പണ്ഡിതന്മാർ പോലുമുണ്ട് എന്നതാണ് ഖേദകരം! അത്തരക്കാർ പാപിക്ക് പശ്ചാത്തപിക്കാൻ സമയം നൽകാ റില്ല.വീഴ്ച പറ്റിയവന്റെ പശ്ചാത്താപത്തെ മാനിക്കാനും തയ്യാറല്ല. തെ റ്റു പറ്റിയെന്ന് തിരിച്ചറിഞ്ഞ് തൗബ ചെയ്ത സഹോദരന്റെ തൗബയെ പ്പോലും കളിയാക്കുന്ന മ്ളേച്ച മനസ്ഥിതിക്കാരും നമ്മുടെ കൂട്ടത്തിലു ണ്ട്! 'ദൈവം തന്നാലും ശനിയൻ തിന്നാൽ സമ്മതിക്കില്ല'എന്ന മന സ്ഥിതി! പടച്ചവൻ പൊറുത്താലും ഞങ്ങൾ പൊറുക്കില്ല എന്ന നില പാട്. അല്ലാഹുവിന് ഏറെ ഇഷ്ടമുള്ള തൗബയെയും തവ്വാബിനേയും പൊതു ജനസമക്ഷം കളിയാക്കുന്നവരുടെ കൂട്ടത്തിലാകരുത് വിശ്വാ സികൾ.

ജീവിതത്തിൽ നിന്ന് രാപകലുകൾ യാത്രയായിക്കൊണ്ടിരിക്കുന്നു. പ്രഭാതത്തിൽ ഉണരാനാകുന്നതും രാത്രിയാകുവോളം ജീവിക്കാനാകു ന്നതും അല്ലാഹുവിന്റെ ഔദാര്യമാണ് എന്ന് തിരിച്ചറിയുക.ഒരു ദിവ

സത്തിലെ ജീവിത കർമ്മങ്ങളിൽ അരുതാത്തവയൊന്നും സംഭവിച്ചിട്ടില്ലെന്ന് പറയാൻ നമുക്കുറപ്പില്ല. എങ്കിൽ, മാപ്പിരന്നു കൊണ്ടാകണം നമ്മുടെ ഉണർച്ചയും ഉറക്കവും. 'വിജയ മാർഗം മുന്നിലുണ്ടായിട്ടും നശിക്കാൻ തീരുമാനിച്ചവന്റെ കാര്യം അത്ഭുതം തന്നെ; ഇസ്തിഗ്ഫാറാണ് ആ വിജയമാർഗം' എന്ന അലി(ﷺ)ന്റെ പ്രസ്താവന സ്മരണീയമാണ്.''സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം''(നൂർ/31) എന്ന ഖുർആൻ സൂക്തത്തിന്റെ താത്പര്യമാണ് അലി(ﷺ)ന്റേത്. 'പശ്ചാത്തപിക്കുന്നവർ ഹൃദയ ശുദ്ധരാണ്; നിങ്ങൾ അവരോടൊപ്പം സഹവസിക്കുക' എന്ന് ഉമർ(ﷺ) ഉപദേശിച്ചിട്ടുണ്ട്.

അല്ലാഹു പറഞ്ഞു:

وَسَارِعُوا إِلَىٰ مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا السَّمَاوَاتُ وَالْأَرْضُ أُعِدَّتْ لِلْمُتَّقِينَ ١٣٣ (الَّذِينَ يُنفِقُونَ فِي السَّرَّاءِ وَالضَّرَّاءِ وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ ۗ وَاللَّهُ يُحِبُّ الْمُحْسِنِينَ (134) وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَن يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَىٰ مَا فَعَلُوا وَهُمْ يَعْلَمُونَ (135) أُولَٰئِكَ جَزَاؤُهُم مَّغْفِرَةٌ مِّن رَّبِّهِمْ وَجَنَّاتٌ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا ۚ وَنِعْمَ أَجْرُ الْعَامِلِينَ (آل عمران/١٣٣-١٣٦)

''നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശ ഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കു വേശി ഒരുക്കി വെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും, കോപം ഒതുക്കി വെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി.(അത്തരം) സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു. വല്ല നീചകൃത്യവും ചെയ്തു പോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പു തേടുകയും ചെയ്യുന്നവർക്ക് വേണ്ടി. -പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. അത്തരക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും,താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. പ്ര

വർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു.'' (ആലു ഇംറാൻ/133-136)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين

************